(ഡി) പേഴ്സണൽ സ്റ്റാഫ് അസോസിയേഷൻ എന്ന സംഘടനയിൽ നിന്നും ലഭിച്ച അപേക്ഷ പൊതുഭരണ വകുപ്പിന് കൈമാറിയിക്കുണ്ട്.

പേഴ്സണൽ സ്റ്റാഫംഗങ്ങളുടെ പെൻഷൻ

35 (6181) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളായിരുന്ന ജീവനക്കാർക്ക് സർക്കാർ പെൻഷൻ നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ ആനുകൂല്യം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ പെൻഷന് കുറഞ്ഞകാല സേവനം എത്ര വർഷമായിട്ടാണ് നിജപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കുമോ ;

(സി) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ഏതു വർഷം മുതൽ സേവനമനുഷ്ഠിച്ച ജീവനക്കാർക്കാണ് പെൻഷൻ നൽകിവരുന്നതെന്നറിയിക്കാമോ ;

(ഡി) മുൻകാലങ്ങളിൽ സേവനമനുഷ്ഠിച്ച് പെൻഷന് ഇതുവരെ അപേക്ഷ നൽകിയിട്ടില്ലാത്ത ജീവനക്കാരുടെ പെൻഷൻ അപേക്ഷകൾ ഇപ്പോഴും സ്വീകരിക്കുമോ ; അവർക്ക് ഇനിയും പെൻഷൻ അനുവദിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളായിരുന്ന ജീവനക്കാർക്ക് നൽകിവരുന്ന പെൻഷൻ ആനുകൂല്യം സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ കുറഞ്ഞ സേവനകാലം 3 വർഷം ആയിട്ടാണ് നിജപ്പെടുത്തിയിരിക്കുന്നത്. 2 വർഷവും 1 ദിവസവുമാണെങ്കിലും 3 വർഷമായി കണക്കാക്കുവാൻ വ്യവസ്ഥയുണ്ട്.

(സി) 1-4-1982 മുതൽ സേവനം അനുഷ്ഠിച്ചവർക്കാണ് പെൻഷന് അർഹതയുള്ളത്. എന്നാൽ അതിനുമുമ്പുള്ള സർവ്വീസും മേൽ സർവ്വീസിനൊപ്പം കൂട്ടി പെൻഷൻ പുതുക്കി നിശ്ചയിക്കുന്നതാണ്.

(ഡി) അത്തരം അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് പെൻഷൻ അനുവദിക്കാറുണ്ട്.

ആധാർ കാർഡുകൾക്ക് പകരമായി ദേശീയ ജനസംഖ്യ രജിസ്റ്റർ

36 (6182) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധാർ കാർഡുകൾക്കുപകരമായി ദേശീയ ജനസംഖ്യ രജിസ്റ്റർ മതിയെന്ന് കേന്ദ്ര സർക്കാർ സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly